## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5182 15.11.2019-ൽ മറുപടിയ്ക്ക്

## ആസ്തി വികസന പദ്ധതികളുടെ ഫണ്ട് അനുവദിക്കുന്നതിൽ കാലതാമസം

| ചോദ്യം<br><br>ശ്രീ.പി.കെ അബ്ദു റബ്ബ് | | മറുപടി<br><br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | എൽ.എസ്.ജി.ഡി മുഖേന നടപ്പാക്കുന്ന എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതികളുടെ ഫണ്ട് അനുവദിക്കുന്നതിൽ ചീഫ് എഞ്ചിനിയറുടെ ഓഫീസിൽ കാലതാമസം വരുത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | 2018-19 സാമ്പത്തികവർഷം എത്ര പ്രവൃത്തികളുടെ ബില്ലുകളാണ് ലഭിച്ചത്;എത്ര ബില്ലുകളുടെ തുക നൽകി: | (ബി) | 2018-2019 വർഷത്തിൽ, നിർമ്മാണ പ്രവൃത്തി ഭാഗികം/പൂർത്തിയാക്കിയവ/ അക്രഡിറ്റഡ് ഏജൻസി മുഖാന്തരമുള്ളവ/ഡെപ്പോസിറ്റ് പ്രവൃത്തി ഉൾപ്പെടെ 1350 എണ്ണം ബില്ലുകൾ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ 1011 എണ്ണം ബില്ലുകളുടെ അലോട്ട്മെന്റ് നൽകി. 228.90 കോടി രൂപ ചിലവഴിച്ചു. 66 ബില്ലുകൾ ട്രഷറി ക്യൂവിൽ ഉൾപെട്ടുപോയതിനാൽ അലോട്ട്മെന്റ് നൽകാൻ കഴിഞ്ഞില്ല. ആയതിനാൽ 18.19 കോടി രൂപ സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ബില്ലുകൾ പരിശോധിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ കുറവ് ഉള്ളപക്ഷം ആവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ